# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.533

## 24-01-2018 ൽ മറുപടിക്ക്

## പ്രവാസി ചിട്ടിയിലൂടെ ധനസമാഹരണം

| ചോദ്യം<br>ഡോ.എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയിലേക്ക് ധനസമാഹരണത്തിന് വിഭാവനം ചെയ്ത പ്രവാസി ചിട്ടി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | 2017-18 ലെ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായി സർക്കാർ കെ.എസ്.എഫ്.ഇയുമായി ചേർന്ന് പ്രവാസി ചിട്ടി ആരംഭിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. രണ്ടു ലക്ഷം മുതൽ 25 ലക്ഷം രൂപ വരെ സലയുള്ള ചിട്ടികളാണ് നിലവിൽ കിഫ്ബിയ്ക്കു വേണ്ടി സംസ്ഥാന സർക്കാർ കെ.എസ്.എഫ്.ഇയുമായി ചേർന്ന് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. ആദ്യ വർഷം തന്നെ ഒരു ലക്ഷം പ്രവാസികളെയെങ്കിലും ചിട്ടിയിൽ ചേർക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പൂർണ്ണമായും ഓൺ ലൈനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ ത്വരിതഗതിയിൽ നടന്നു വരുന്നു. |
| (ബി) പ്രവാസി ചിട്ടി ആരംഭിച്ചിട്ടുണ്ടെങ്കിൽ അതിലൂടെ എത്ര തുക സമാഹരിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ